# ഫാ. ചാക്കോ ഇടയാൽ (72) നിര്യാതനായി



തൃശൂർ അതിരൂപതയിലെ തണ്ടിലം പള്ളി വികാരി റവ. ഫാ. ചാക്കോ ഇടയാൽ 2018 ഏപ്രിൽ 14ന് വൈകിട്ട് 5ന് അന്തരിച്ചു. മൃതസംസ്കാരശുശ്രൂഷ ഏപ്രിൽ 16 തിങ്കൾ രാവിലെ 9:30ന് വീണ്ടശ്ശേരി പള്ളിയിൽ അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടത്തപ്പെടും.

മൃതദേഹം ഏപ്രിൽ 15ന് (ഞായർ) രാവിലെ 6:30ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലുള്ള തിരുക്കർമ്മങ്ങൾക്കുശേഷം 8 മണിക്ക് തണ്ടിലം ഇടവകപള്ളിയിലേക്കു കൊണ്ടുപോകും. അവിടെ 10:30 മണിക്കുള്ള ദിവ്യബലിക്കുശേഷം ഉച്ചക്ക് 2:30 മണിക്ക് വീണ്ടശ്ശേരിയിലുള്ള സ്വഭവനത്തിലേക്ക് കൊണ്ടുപോകും. തിങ്കളാഴ്ച രാവിലെ 9 മണിക്ക് വീട്ടിലെ തിരുക്കർമ്മങ്ങൾക്കുശേഷം മൃതശരീരം ഇടവക പള്ളിയിലേക്ക് സംവഹിക്കും.

പരേതരായ ഇടയാൽ ചാക്കോ + റോസ ദമ്പതികളുടെ മകനായി 1945 ഡിസംബർ 15ന് പാലാ രൂപതയിലെ പ്ലാശ്ശനാലിൽ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1972 ഡിസംബർ 18-ന് പാലയൂരിൽ വച്ച് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ, തൂമ്പാക്കോട് - അരൂമൂഴി, കുറ്റിക്കാട് എന്നിവിടങ്ങളിൽ അസ്തേന്തിയായും, പീച്ചി, പൊങ്ങണംകാട്, പൂമല, കൂനംമൂച്ചി, പട്ടിക്കാട്, വെണ്ടോർ, എരനെല്ലൂർ, ഇയ്യാൽ, പാറന്നൂർ, കല്ലൂർ കിഴക്ക്, വേലൂർ, മുണ്ടത്തിക്കോട്, കുട്ടംകുളം, മുണ്ടൂർ, പോന്നോർ, പൊന്നൂക്കര, പുതുശ്ശേരി, വടൂക്കര എന്നിവിടങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കെ. സി. എസ്. എൽ., സി. എൽ. സി., കാത്തലിക് യൂണിയൻ, കെ. സി. വൈ. എം., കെ. എൽ. എം., ഇൻഫാം എന്നിവയുടെ നേതൃത്വവും വഹിച്ചിട്ടുണ്ട്. ഇപ്പോൾ തണ്ടിലം പള്ളി വികാരിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

പരേതരായ തോമസ്, സെബാസ്റ്റ്യൻ, ജോർജ്ജ് എന്നിവരും ജോസഫ്, ഏല്യക്കുട്ടി, ചിന്നമ്മ, റോസ് മേരി, സി. മേരി ജെയിംസ് സി. എച്ച്. എഫ്. എന്നിവരും സഹോദരരാണ്.



ഫാ. മാത്യു കുറ്റിക്കോട്ടയിൽ
ചാൻസലർ, തൃശൂർ അതിരൂപത